# അസ്സീറിയൻ സഭയും സഭൈക്യവും

(റവ. പ്രൊഫ. ഡോക്ടർ ചേടിയത്ത് ഗീവർഗീസ് മൽപാൻ)

**സൺഡേ ശാലോമിൽ** (2014 ഒക്ടോബർ 12,പേ.1) വന്ന വാർത്തയാണ് ഈ കുറിപ്പിന് ആധാരം. "റോമുമായി ആശയസംവാദത്തിൽ ഏർപ്പെടാത്ത സഭയാണിത്" എന്ന കുറിപ്പു കണ്ടു. അത് പൂർണമായി ശരിയല്ല.

അസ്സീറിയൻ പാത്രിയർക്കീസ് മാർ ദിൻഹാ നാലാമൻ 1984-ൽ റോമിൽ പോയി ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ സന്ദർശിച്ചു. അതേത്തുടർന്നുള്ള ചർച്ചകളുടെ ഫലമായി 1994 നവംബർ 11-ന് മാർപാപ്പായും മാർ ദിൻഹായും കൂടി റോമിൽ വച്ച് ക്രിസ്തുശാസ്ത്രം സംബന്ധിച്ച് ഒരു സംയുക്തപ്രസ്താവനയിൽ ഒപ്പുവച്ചു (ഇൻഫൊർമേഷൻ സേർവീസ്, 88,2-3). അങ്ങനെ 1500 വർഷം പഴക്കമുള്ള തെറ്റുദ്ധാരണയ്ക്ക് അറുതി വരുത്തി. ഇരുസഭകൾക്കിടയിൽ ക്രിസ്തുശാസ്ത്രത്തിലുള്ള അന്തരം വെറും പദപ്രയോഗങ്ങളിൽ ഒതുങ്ങി നിൽക്കുന്നതാണെന്നും വിശ്വാസത്തിന്റെ സാരസത്തയെ ബാധിക്കുന്നതല്ലെന്നും ഇരുവിഭാഗത്തിനും ബോധ്യമായതിന്റെ വെളിച്ചത്തിലാണ് സംയുക്ത പ്രസ്താവനയിലെത്തിയത്. 1984-ൽ തുടങ്ങിയ ചർച്ചകളാണ് 1994-ൽ ഫലപ്രാപ്തിയിലെത്തിയത്. ദൈവനിയോഗത്താൽ, ഈ പ്രസ്താവന രൂപീകരിക്കുന്നതിൽ ഞാനും പങ്കാളിയായി എന്ന് സന്തോഷപൂർവം അറിയിക്കട്ടെ. പേർഷ്യൻ സഭയുടെ ക്രിസ്തുശാസ്ത്രം സംബന്ധിച്ച് 1978-ൽ ഞാൻ റോമിൽ ഒരു പഠനം നടത്തി. പേർഷ്യൻ സഭയുടെ ക്രിസ്തുശാസ്ത്രം അവരുടെ ഒരു വലിയ സഭാനേതാവായ മാർ ബാബായിയുടേതാണ് (553-628). ആ ക്രിസ്തുശാസത്രത്തിൽ നെസ്തോറിയൻ പാഷണ്ഡത ഇല്ലെന്ന് തെളിയിക്കാൻ എനിക്ക് സാധിച്ചു. 1978 ഡിസംബർ 20-ന് അത് പരിശുദ്ധ പിതാവ് ജോൺപോൾ മാർപാപ്പായ്ക്ക് സമർപ്പിച്ചു.

### സംയുക്ത ദൈവശാസ്ത്രക്കമ്മീഷൻ

സംയുക്ത പ്രസ്താവനയ്ക്കുശേഷം ഇരുസഭകളും ചേർന്ന് ഒരു സംയുക്ത ദൈവശാസ്ത്രക്കമ്മീഷൻ നിയമിച്ചു. അഭിപ്രായാന്തരം ഉണ്ടെന്ന് കരുതപ്പെടുന്ന വിഷയങ്ങൾ പഠിച്ച് അഭിപ്രായസമന്വയം വരുത്തി ദൃശ്യമായ രീതിയിൽ കൂട്ടായ്മ പുനഃസ്ഥാപിക്കാൻ വേണ്ടിയാണ് സംയുക്തക്കമ്മീഷനെ നിയമിച്ചത്. മതപഠനം, വൈദികപരിശീലനം എന്നീ തലങ്ങളിൽ അസ്സീറിയൻ സഭയും കൽദായ കത്തോലിക്കാസഭയും സഹകരിക്കണമെന്ന പ്രത്യാശയും സംയുക്ത പ്രസ്താവനയുടെ അവസാനം അംഗീകരിക്കയുണ്ടായി. അതുപോലെ അജപാലന രംഗത്തും അടുത്ത സഹകരണത്തിനുള്ള വാതിൽ ഈ പ്രസ്താവന വഴി തുറക്കപ്പെട്ടു. "നെസ്തോറിയൻ" എന്ന് ഈ സഭയെ തെറ്റായ രീതിയിൽ വിളിച്ചിരുന്നതും ഒഴിവാക്കേണ്ടതാണെന്ന് നിർദേശിക്കപ്പെട്ടു.

ഈ സംയുക്തക്കമ്മീഷൻ പല മീറ്റിംഗുകൾ കൂടി കൂദാശകളെപ്പറ്റി ചർച്ച ചെയ്ത് ഒരു രേഖ തയാറാക്കി. അടിസ്ഥാനപരമായി ഇരുസഭകൾക്കും ഒരേ കൗദാശിക ദൈവശാസ്ത്രമാണെന്ന കണ്ടെത്തലിൽ കമ്മീഷൻ എത്തിച്ചേർന്നു. ഈ രേഖ ഇരുസഭകളുടെയും അംഗീകാരത്തിനും തിരുത്തലിനുമായി സമർപ്പിച്ചിരിക്കയാണ്.

### അസ്സീറിയൻ സഭയും കൽദായ കത്തോലിക്കാ സഭയും

ഈ രണ്ടു സഭകളുടെയും പൈതൃകം ഒന്നാണ്. ഇരുസഭകളുടെയും അധ്യക്ഷന്മാർ 1997-ൽ റോസെല്ലിൽ (യു. എസ്.ഏ.) സംയുക്തമായി ഒരു പള്ളി കൂദാശ ചെയ്തു. ഇരുസഭകളും ഒന്നായി തീരാനുള്ള നടപടികൾ സ്വീകരിക്കാൻ, തുടർന്നു നടന്ന സിനഡിൽ തീരുമാനിച്ചു. ആരാധനക്രമ ഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിലും മതപഠനഗ്രന്ഥങ്ങളും അജപാലക പ്രോഗ്രാമുകളും തയാറാക്കുന്നതിലും സഹകരിക്കാൻ തീരുമാനിച്ചു. അതുപോലെ വൈദികപരിശീലനത്തിന് അമേരിക്കയിൽ ഒരു പൊതു വിദ്യാഭ്യാസസ്ഥാപനം ഒന്നിച്ചു സ്ഥാപിക്കാനും തീരുമാനിച്ചു. ഒരു *ജോയിന്റ് കമ്മീഷൻ ഫോർ യൂണിറ്റി* സ്ഥാപിതമായി.

### സ്ഥാപനവിവരണം

"അസ്സീറിയൻ സഭക്കാർ ഉപയോഗിക്കുന്ന വിശുദ്ധ കുർബാന തക്സായിൽ സ്ഥാപനവിവരണം അതേ രീതിയിൽ ഇല്ല" എന്ന പ്രശ്നം ചർച്ചാവിഷയമായി. സ്ഥാപനവിവരണം അനാഫറ മുഴുവനിലുമാണ്, ഒരിടത്തല്ല, അതുകൊണ്ട് അവർ അർപ്പിക്കുന്ന വിശുദ്ധ കുർബാന നൈയാമികമാണ്, വാസ്തവമാണ് എന്ന് റോം തീർപ്പു കൽപ്പിച്ചു. ഇപ്പോൾ തന്നെ പല അസ്സീറിയൻ വൈദികരും സ്ഥാപനവിവരണം അതേപടി ചൊല്ലുന്നുണ്ട് എന്നും നിരീക്ഷിച്ചു. കൽദായ കത്തോലിക്കർക്കും അസ്സീറിയാക്കാർക്കും ഭാഗികമായി കുർബാനയിലുള്ള സംസർഗം ഇരുസഭകളും അംഗീകരിച്ചു. എന്നാൽ കൽദായക്കാർ സംബന്ധിക്കുന്ന കുർബാനയിൽ സ്ഥാപനവിവരണം ചൊല്ലുന്നത് ഉചിതമാണെന്നും ഒരു നിർദേശം വച്ചു.

**മാർ ബാബായ് സോറോ**

മേൽപ്പറഞ്ഞ ചർച്ചകൾക്കെല്ലാം നേതൃത്വം നൽകിയ അസ്സീറിയൻ പ്രതിനിധി മാർ ബാബായ് സോറോ എന്ന മെത്രാനായിരുന്നു. അസ്സീറിയൻ സഭക്കാരുടെ എക്യുമേനിക്കൽ സെക്രട്ടറിയായിരുന്നു അദ്ദേഹം. വളരെ തുറന്ന, വിശാലമനസ്ഥിതി പുലർത്തുന്ന ദൈവമനുഷ്യനാണ് അദ്ദേഹം. അദ്ദേഹം ഉന്നതപഠനം നടത്തിയത് റോമിലായിരുന്നു. കത്തോലിക്കാസഭയെ വളരെ അടുത്തറിയാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. അമേരിക്കയിൽ ജീവിച്ച അദ്ദേഹം പശ്ചിമേഷ്യൻ സഭാനേതാക്കന്മാരുടെ ഇടുങ്ങിയ ട്രൈബൽ പശ്ചാത്തലത്തിൽ നിന്നു മാറി, ദൈവത്തിന്റെ സഭയെപ്പറ്റി ഗൗരവപൂർവം ചിന്തിക്കുന്ന ആളായിരുന്നു. അസ്സീറിയൻ സഭ മാർജിനൽ അസ്തിത്വത്തിൽ നിന്നുമാറി കത്തോലിക്കാ സഭയുമായി സമ്പൂർണ കൂട്ടായ്മയിൽ എത്തിച്ചേരണമെന്ന ആശയം അദ്ദേഹം അവരുടെ സിനഡിൽ അവതരിപ്പിച്ചു. എന്നാൽ ആ ആശയം എല്ലാ മെത്രാന്മാരും ഒരുപോലെ സ്വീകരിച്ചില്ല.

**ട്രൈബൽ മെത്രാന്മാർ**

അസ്സീറിയൻ സഭയിലെ പല മെത്രാന്മാരും ഓരോ ഗോത്രത്തിന്റെ അഥവാ ട്രൈബിന്റെ പ്രതിനിധികളാണ്. ക്രിസ്തുവിന്റെ സഭയോടുള്ള പ്രതിബദ്ധതയേക്കാൾ അവരുടെ പ്രതിബദ്ധത അവരുടെ ഗോത്രത്തോടാണ്. വിശാലവീക്ഷണം അവർക്ക് അന്യമാണ്. ഇക്കാരണത്താലാണ് 1968-ൽ അസ്സീറിയൻ സഭയിൽ പിളർപ്പുണ്ടായത്. ലോവർ തീയാരി ഗോത്രത്തിൽ നിന്ന് അവർ ആരെയും മെത്രാന്മാരാക്കിയിരുന്നില്ല. അതിൽ പ്രതിഷേധിച്ചാണ് *ഏൻഷ്യന്റ് ചർച്ച് ഓഫ് ദി ഈസ്റ്റ്* എന്ന പേരിൽ മാർ തോമാ ധർമോ വിഘടനം ഉണ്ടാക്കിയത്. മാർ ബാബായിയുടെ വർധിച്ചു വരുന്ന സ്വാധീനം അത്തരക്കാർ ഇഷ്ടപ്പെട്ടില്ല. അവർ ഒത്തുകൂടി മാർ ബാബായ് സോറോയെ മുടക്കി. തുടർന്ന് അദ്ദേഹം കൽദായ കത്തോലിക്കാ സഭയിൽ ചേർന്നു. ഈയടുത്ത കാലത്ത് റോം അത് അംഗീകരിച്ചു.

**ചർച്ചകൾ വഴി മുട്ടുന്നു**

മാർ ബാബായിയെ അസ്സീറിയൻ സിനഡ് മുടക്കിയശേഷം റോം-അസ്സീറിയൻ ചർച്ചകൾ വഴിമുട്ടി നിൽക്കയാണ്. അദ്ദേഹത്തെപ്പോലെ ദൈവശാസ്ത്രപാണ്ഡിത്യവും വിശാലവീക്ഷണവുമുള്ളവർ അവരുടെ ഇടയിൽ കുറവാണ്. മാർ ബാബായിയെ തള്ളിപ്പറഞ്ഞുകൊണ്ടുള്ള ചർച്ചകൾക്ക് റോമും തയാറായില്ല. അതേസമയം മാർ ബാബായ് കൽദായസഭയിൽ ചേർന്നതിനെ റോം രേഖാമൂലം ദീർഘനാളത്തേക്ക് അംഗീകരിച്ചുമില്ല. ചർച്ചകൾ പുനരാരംഭിക്കണമെന്ന് അസ്സീറിയൻ സഭക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും നടന്നില്ല. ചർച്ചകൾ പുനരാരംഭിക്കാനുള്ള ലക്ഷ്യവും മാർ ദിൻഹായുടെ 2014-ലെ റോമാസന്ദർശനത്തിനുണ്ട്.

**ഇറാക്കിലെ പ്രതിസന്ധി**

ഇന്ന് പശ്ചിമേഷ്യൻ ക്രിസ്ത്യാനികൾ, പ്രത്യേകിച്ച് ഇറാക്കിലെയും സിറിയായിലെയും ക്രിസ്ത്യാനികൾ, വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു. കഠിനമായ മതപീഡനത്തിന്റെ തീച്ചൂളയിലാണവർ. കൽദായരും അസ്സീറിയാക്കാരും കൂടുതലായി ഇറാക്കിലാണ്. അവിടെ നിന്ന് ക്രിസ്ത്യാനികൾ കൂട്ടത്തോടെ പലായനം ചെയ്തുകൊണ്ടിരിക്കുന്നു. പല രൂപതകളിലും ഒറ്റയാൾ പോലും അവശേഷിച്ചിട്ടില്ല. അനേകരെ നിഷ്ഠൂരമായി കൊന്നു, പള്ളികളെല്ലാം തകർത്തു. മറ്റുള്ളവരെ അവിടെ നിന്ന് ഓടിച്ചു. ക്രിസ്തുമതത്തിന്റെ ആരംഭകാലം മുതൽ നൂറ്റാണ്ടുകളായി ജീവിച്ചവരുടെ ദാരുണമായ അന്ത്യമാണ് 2014-ൽ സംഭവിച്ചത്. അഭയാർഥി ക്യാമ്പുകളിൽ കഴിയുന്നവരുടെ സ്ഥിതി അനിശ്ചിതത്വത്തിലാണ്. ഏതു നേരവും അവർ ആക്രമിക്കപ്പെടാം. വംശവിച്ഛേദത്തിന് ഇരയാകാം.

**പിളർപ്പ് (1968)**

പുരാതന പേർഷ്യൻ സഭയുടെ പിൻതുടർച്ചക്കാരാണ് അസ്സീറിയൻ ക്രിസ്ത്യാനികൾ. അവരുടെ പാത്രിയർക്കീസ് മാർ ദിൻഹായുടെ ആസ്ഥാനം ചിക്കാഗോയിലാണ്. എന്നാൽ ബാഗ്ദാദിൽ ഈ പാരമ്പര്യത്തിൽ പെട്ട മറ്റൊരു പാത്രിയർക്കീസുണ്ട്. *ഏൻഷ്യന്റ് ചർച്ച് ഓഫ് ദി ഈസ്റ്റ്* എന്ന് ഈ വിഭാഗം അറിയപ്പെടുന്നു. അവരുടെ പാത്രിയർക്കീസാണ് മാർ അദ്ദായി ലോവർ തീയാരിക്കാരനാണ്. പേർഷ്യൻ സഭയിലെ ഈ രണ്ടു വിഭാഗങ്ങളും തമ്മിൽ യോജിപ്പില്ല, യോജിക്കാൻ നടപടി എടുക്കുന്നുമില്ല. കൽദായ കത്തോലിക്കാ പാത്രിയർക്കീസ് മാർ ലൂയീസ് സാക്കോയുടെ ആസ്ഥാനവും ബാഗ്ദാദിലാണ്. ബാഗ്ദാദിന്റെ നില ഇപ്പോൾ വളരെ പരുങ്ങലിലാണ്. ഭാവി ഇരുളടഞ്ഞതും. ട്രൈബൽ സ്പർദ്ധയാണ് 1968-ലെ പിളർപ്പിന് കാരണം.

**വിവിധ പേരുകൾ**

പേർഷ്യൻ സഭ, പൗരസ്ത്യസഭ, സെലൂഷ്യൻസഭ, നെസ്തോറിയൻ സഭ, മെസൊപ്പൊട്ടേമിയൻ സഭ, ബാബിലോണിയൻ സഭ എന്നൊക്കെ ഈ സഭ വിളിക്കപ്പെട്ടിരുന്നു.

**നിരന്തര മതപീഡനം**

പേർഷ്യയിൽ ക്രിസ്ത്യാനികൽ എന്നും ന്യൂനപക്ഷമായിരുന്നു. പേർഷ്യൻ രാജാക്കന്മാർ അവരെ പീഡിപ്പിച്ചിരുന്നു. അറബി, തുർക്കി, മംഗോൾ ആക്രമണങ്ങളെ അവർ അതിജീവിച്ചു. കാലക്രമത്തിൽ കുർദിഷ് മലകളിൽ അവർ

അഭയം തേടി.

**ആധുനികചരിത്രം**

തങ്ങളുടെ ജന്മനാട്ടിൽ നിന്ന് പിഴുതെറിയപ്പെട്ടതിന്റെയും തുർക്കികളുടെയും അറബികളുടെയും കുർദികളുടെയും ഇറാക്കികളുടെയും വാളിന് ഇരയായതിന്റെയും കണ്ണീരിൽ കുതിർന്ന കഥയാണ് 1914 മുതൽ മെസൊപ്പൊട്ടേമിയൻ ക്രിസ്ത്യാനികൾക്ക് പറയാനുള്ളത്. ഇക്കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കണ്ണീരും വിപ്രവാസവും കൂട്ടക്കുരുതിയുമാണ് തുർക്കികളും ഇറാക്കികളും കൂടി സമ്മാനിച്ചത്. അത് ഇപ്പോഴും തുടരുന്നു. ഒന്നാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ (1920) ക്യാമ്പുകളിൽ കഴിഞ്ഞവർ പലയിടങ്ങളിലായി ചിതറിക്കപ്പെട്ടു. ചിലർ കൂട്ടക്കുരുതിക്ക് വിധേയരായി. തുടർന്നുള്ള കാലഘട്ടത്തിൽ സഭാനേതൃത്വം കുടുംബവഴിക്കായി. വളരെ ചെറിപ്പത്തിൽ തന്നെ പാത്രിയർക്കീസന്മാരായവർ നേതൃസ്ഥാനത്തുവന്നു. 1932–ൽ ഇറാക്കിലെ ബ്രിട്ടീഷ് മൺഡേറ്റ് അവസാനിച്ചപ്പോൾ അസ്സീറിയൻ ക്രിസ്ത്യാനികളെ പറ്റി ഒരു തീരുമാനവും എടുക്കാതെയാണ് ബ്രിട്ടീഷുകാർ ഇറാക്കുകാരെ ഭരണം ഏൽപ്പിച്ചത്. ഇറാക്കി സൈന്യം 1932–ൽ ആയുധരഹിതരായ അസ്സീറിയാക്കാരിൽ നിരവധി പേരെ കൊന്നൊടുക്കി. 1948–ൽ ഇറാനിലെ അസെർബൈജാനിലെ അസ്സീറിയാക്കാരെ പട്ടാളം കൊള്ളയടിക്കുകയും കൊന്നൊടുക്കുകയും ചെയ്തു. ഒന്നും രണ്ടും ലോകമഹായുദ്ധകാലത്ത് അവരുടെ സംഖ്യ ഗണ്യമയി കുറഞ്ഞു. ഇറാക്കിൽ നിനിവേ സമതലത്തിലാണ് അവർ കൂടുതലായി പാർത്തിരുന്നത്. എന്നാൽ ഭീകരർ അവരെ അവിടെനിന്ന് കൂട്ടത്തോടെ ഓടിച്ചിരിക്കയാണിപ്പോൾ. നാടും വീടും ഇല്ലാതെ ടെന്റുകളിൽ വളരെ ദുരിതം അനുഭവിച്ച് ഇരുളടഞ്ഞ ഭാവിയോടുകൂടി അവർ ഇപ്പോൾ കഴിയുന്നു.

**പ്രോ ഓറിയെന്തെ ചർച്ചകൾ**

വിയന്നാ കേന്ദ്രമാക്കി നടന്ന *പ്രോ ഓറിയെന്തെ* (പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള) സഭൈക്യചർച്ചകളിൽ അസ്സീറിയൻ സഭയെപ്പറ്റിയും അവരുടെ ദൈവശാസ്ത്ര വീക്ഷണങ്ങളെപ്പറ്റിയും ഗൗരവമായ അനൗദ്യോഗിക ചർച്ചകൾ നടന്നു. ലോകത്തിലുള്ള എട്ട് സുറിയാനി സഭകളുടെയും പ്രതിനിധികൾ പങ്കെടുത്തു. സുറിയാനി സഭകളെല്ലാം കൂടി ഏതാണ്ട് ഒരു കോടി വരും. കിഴക്കൻ സഭകൾക്കുവേണ്ടി വിയന്നാ ആർച്ചുബിഷപ്പ് കർദിനാൾ കേണിഗ് സ്ഥാപിച്ചതാണ് പ്രോ ഓറിയെന്തെ ഫൗൺഡേഷൻ.

**അസ്സീറിയൻ സഭയുടെ ക്രിസ്തുശാസ്ത്ര പദപ്രയോഗങ്ങൾ**

നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിനെ സത്യദൈവവും സത്യമനുഷ്യനുമായി ഇവരും അംഗീകരിക്കുന്നു. ദൈവത്തിന്റെ ഏകജാതൻ മനുഷ്യനായി അവതരിച്ചു എന്ന അടിസ്ഥാനസത്യം അവർ അംഗീകരിക്കുന്നു. എന്നാൽ അത് വിശദീകരിക്കാൻ ഉപയോഗിച്ച പദപ്രയോഗങ്ങളെ ചൊല്ലിയാണ് പേർഷ്യൻ ക്രിസ്ത്യാനികളെ നെസ്തോറിയൻ അബദ്ധോപദേശകരെന്ന് മറ്റുള്ളവർ മുദ്രയടിച്ചിരുന്നത്. അവർ ഉപയോഗിക്കുന്ന ക്രിസ്തുശാസ്ത്ര പദങ്ങൾക്ക് അവർ കൊടുക്കുന്ന അർഥം മനസ്സിലാക്കിയെങ്കിലേ അവരെ വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ സാധിക്കൂ. മുൻകാലങ്ങളിൽ ഇപ്രകാരമല്ല അവരെ മനസ്സിലാക്കിയത്. *പ്രോ ഓറിയെന്തെ* സമ്മേളനങ്ങളിൽ അവരെ മനസ്സിലാക്കാനുള്ള ഉദ്യമം നടന്നു. സന്മനസ്സുള്ളവർക്ക് അത് മനസ്സിലാകുകയും ചെയ്തു.

**ക്യാനാ, ക്നോമാ, പർസോപാ**

ഈ സുറിയാനി പദങ്ങളുടെ അർഥം ഈ സഭക്കാരും പണ്ഡിതന്മാരും പ്രോ ഓറിയെന്തേ മീറ്റിംഗുകളിൽ വ്യക്തമാക്കുകയുണ്ടായി. *ക്യാനാ* (ഫ്യൂസിസ്) എന്നാൽ സ്വഭാവം. കർത്താവായ യേശുവിൽ മനുഷ്യസ്വഭാവം, ദൈവസ്വഭാവം എന്നിങ്ങനെ രണ്ട് സ്വഭാവങ്ങൾ (*ക്യാനാകൾ*) ഉണ്ട്. ഈ രണ്ടു സ്വഭാവങ്ങളും യഥാർഥത്തിൽ യേശുക്രിസ്തുവിൽ സ്ഥിതിചെയ്യുന്നു എന്നു പറയണമെങ്കിൽ, രണ്ടു *ക്നോമാകൾ* ഉണ്ടെന്നു പറയണം. *ക്യാനാ* പൊതുവാണ്. *ക്യാനാ* സ്ഥിതി ചെയ്യുന്നത് *ക്നോമാ* ആയിട്ടാണ്. മനുഷ്യത്വം, ദൈവത്വം എന്നിവ *ക്യാനാകൾ*. പത്രോസ്, പൗലോസ് എന്നീ നാമങ്ങൾ *ക്നോമാകൾ*. യഥാർഥത്തിൽ ദൈവത്വവും മനുഷ്യത്വവും യേശുക്രിസ്തുവിൽ സ്ഥിതിചെയ്യുന്നു എന്നു പറയുന്നതിന് തുല്യമാണ് ദൈവിക ക്നോമായും മാനുഷിക ക്നോമായും ഉണ്ടെന്ന് പറയുന്നത്. അതായത് യേശുക്രിസ്തുവിലെ രണ്ട് യാഥാർഥ്യങ്ങളെ സൂചിപ്പിക്കുന്നതാണ് രണ്ടു ക്നോമാകൾ എന്ന പദപ്രയോഗം.

**പർസോപാ** എന്നാൽ വ്യക്തിത്വം അഥവാ ആളത്തം എന്നൊക്കെ പറയാം. യേശുക്രിസ്തുവിന്റെ സത്താപരമായ പർസോപാ, ത്രിത്വത്തിലെ രണ്ടാമാളായ വചനമാം ദൈവത്തിന്റെ പുത്രത്വം എന്ന പർസോപാ മാത്രമാണ്. സ്വഭാവത്തിന്റെ തലത്തിൽ യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവുമുണ്ട്. എന്നാൽ വ്യക്തിത്വത്തിന്റെ തലത്തിൽ യേശുക്രിസ്തു ഏകനാണ്. അതായത്, പുത്രൻ തമ്പുരാന്റെ വ്യക്തിത്വം തന്നെയാണ് യേശുവിന്റെ വ്യക്തിത്വം. നസ്രായനേശു ദൈവപുത്രനാണ്. ദൈവത്തിന്റെ ഏകജാതൻ മനുഷ്യാവതാരത്തിൽ കന്യകയിൽ നിന്നു ജനിച്ചു. അതിനാൽ മറിയം ദൈവജനനിയാണ്. മിശിഹാ ദൈവവും മനുഷ്യനുമാകയാൽ, മറിയത്തെ മിശിഹായുടെ മാതാവ് എന്നും വിളിക്കാം. അതും അർഥസംപുഷ്ടമാണ്. ഇതാണ് പേർഷ്യാക്കാരുടെ വിശദീകരണം.

**ത്രിത്വദൈവശാസ്ത്രത്തിൽ**

എന്നാൽ ത്രിത്വ ദൈവശാസ്ത്രത്തിൽ *ക്നോമാ* എന്ന പദത്തിന് വ്യക്തി എന്ന അർത്ഥമാണെന്ന് അസ്സീറിയാക്കാരും മറ്റ് പണ്ഡിതരും വ്യക്തമാക്കി. ത്രിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നു ക്നോമാകൾ ഉണ്ട്. അവിടെ മൂന്ന് ആളുകൾ എന്നർഥം. എന്നാൽ യേശുക്രിസ്തുവിൽ ദൈവത്വം, മനുഷ്യത്വം എന്നിങ്ങനെ രണ്ട് ക്നോമാകൾ എന്നു പറയുമ്പോൾ, രണ്ടാളുകളെന്ന് അർഥമാക്കുന്നില്ല, രണ്ട് യാഥാർഥ്യങ്ങൾ എന്നേ അർഥമാക്കുന്നുള്ളു. ചുരുക്കത്തിൽ ഒരേ പദത്തിന് ത്രിത്വത്തിൽ ഒരർഥവും ക്രിസ്തുശാസ്ത്രത്തിൽ മറ്റൊരർഥവും. ഇതാണ് പേർഷ്യാക്കാരെ നെസ്തോറിയർ എന്നു വിളിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിച്ചത്.

**പാശ്ചാത്യസുറിയാനി പാരമ്പര്യത്തിൽ**

പാശ്ചാത്യസുറിയാനി പാരമ്പര്യത്തിൽ പെട്ട സിറിയൻ ഓർത്തഡോക്സ്, സിറിയൻ കാതലിക് സഭകളെ സംബന്ധിച്ച് ഈ മൂന്നു പദങ്ങൾക്കും ഏതാണ്ട് ഒരേ അർഥമാണ്. ക്യാനായ്ക്ക് അവർ വ്യക്തി എന്ന അർഥം കൊടുക്കുന്നു. ഏക ക്യാനാ (*മിയാ ഫ്യൂസിസ്*) എന്നാൽ ഏകയാൾ എന്നാണ് അവർക്കർഥം. അപ്രകാരം ചിന്തിക്കുന്നവർക്ക് രണ്ട് സ്വഭാവങ്ങൾ എന്ന പദപ്രയോഗം പാഷണ്ഡതയാണ്. അതുപോലെ ക്നോമായ്ക്ക് ത്രിത്വസംബന്ധമായും ക്രിസ്തുശാസ്ത്ര സംബന്ധമായും അവർ ഒരേ അർഥമാണ് നൽകുന്നത്. വ്യക്തി അഥവാ ആൾ എന്നർഥം. അവരെ സംബന്ധിച്ച് യേശുക്രിസ്തുവിൽ ഒരു ക്നോമാ മാത്രം. രണ്ടുക്നോമാകൾ എന്ന ചിന്ത അവർക്ക് അന്യമാണ്. ചുരുക്കത്തിൽ അവർ ക്യാനായും ക്നോമായും പർസോപായും വ്യക്തി അഥവാ ആൾ എന്ന ഒരേ അർഥത്തിൽ എടുക്കുന്നു. അങ്ങനെ ഒരേ പദത്തിന് വ്യത്യസ്ത പശ്ചാത്തലങ്ങളിൽ വ്യത്യസ്തമായ അർഥമാണുള്ളത്.

**നെസ്തിറിയൻ പാഷണ്ഡത**

"യേശുക്രിസ്തുവിൽ രണ്ടാളുകളുണ്ട്: ദൈവികവും മാനുഷികവും. രണ്ടു സ്വഭാവങ്ങൾക്ക് സമാന്തരമായി സ്ഥിതിചെയ്യുന്ന ഈ രണ്ടാളുകൾ തമ്മിൽ സത്താപരമായ ഒരൈക്യമില്ല, വെറുമൊരു ധാർമികൈക്യമേയുള്ള. അതായത്, രണ്ട് കൂട്ടുകാർ തമ്മിലള്ള ഐക്യംപോലെ. കന്യകമറിയം വെറും മനുഷ്യവ്യക്തിയുടെ അമ്മയാണ്. അതുകൊണ്ട് അവളെ ദൈവമാതാവ് എന്നു വിളിക്കാൻ പാടില്ല" - ഇതാണ് നെസ്തോറിയൻ പാഷണ്ഡത. ഈ പാഷണ്ഡത ഇന്നത്തെ അസ്സീറിയൻ സഭയിൽ ഇല്ലെന്നാണ് പണ്ഡിതമതം. ഈ അബദ്ധോപദേശം ഈ സഭ ഒരിക്കലും പഠിപ്പിച്ചിട്ടില്ല. അവരുടെ ദൈവശാസ്ത്രജ്ഞനായ മാർ ബാബായ് റമ്പാ (+628) തന്റെ കൃതിയിൽ മൂന്നിടത്ത് മറിയത്തെ ദൈവമാതാവെന്ന് (*യൽദാസ് ആലാഹാ*) വിളിക്കുന്നു.

**ചുരുക്കത്തിൽ**

പൗരസ്ത്യ സുറിയാനിസഭയുടെ വിശ്വാസവും നെസ്തോറിയൻ പാഷണ്ഡതയും വേർതിരിച്ചു കാണാൻ സഭകൾക്ക് കഴിയണം. ഈ സഭയിൽ നെസ്തോറിയൻ പാഷണ്ഡത ഇല്ലെന്നാണ് കത്തോലിക്കാസഭയുടെ ഇന്നത്തെ മനസ്സിലാക്കൽ. *ദൈവമാതാവെന്നോ, മിശിഹായുടെ മാതാവെന്നോ* കന്യകമറിയത്തെ വിളിക്കുന്നത് ശരിയായിട്ടുള്ളതാണ്. "ഓരോ സഭയുടെയും ആരാധനാജീവിതത്തിലും ഭക്തിയിലും ഉപയോഗിക്കുന്ന വാക്കുകളുടെ മുൻതൂക്കത്തെ ഞങ്ങൾ ബഹുമാനിക്കുന്നു" എന്ന് 1994-ലെ സംയുക്തപ്രസ്താവന രേഖപ്പെടുത്തുന്നു.

കേരളത്തിൽ ത്രിശ്ശൂരുള്ള *സൂറായികൾ* (കാൽഡിയൻ ചർച്ച് ഓഫ് ദി ഈസ്റ്റ്) എന്നറിയപ്പെടുന്ന മാർ തോമാ നസ്രാണികൾ അടുത്ത കാലം വരെ കത്തോലിക്കരായിരുന്നു. അവർ 1968 മുതൽ മാർ അദ്ദായി പാത്രിയർക്കീസിന്റെ കീഴിലായിരുന്നു. ഈയടുത്ത കാലത്ത് മാർ ബാബായ് സോറോയുടെ പരിശ്രമഫലമായി ഈ സഭക്കാർ മാർ അദ്ദായിയെ വിട്ടിട്ട് മാർ ദിൻഹായുടെ കൂട്ടായ്മയിൽ എത്തിച്ചേർന്നു. മാർ റോക്കോസ്, മാർ മേലൂസ് എന്നീ കത്തോലിക്കാ മെത്രാന്മാരുമായി ബന്ധപ്പെട്ടാണ് ത്രിശ്ശൂരുള്ള ഒരു പള്ളിക്കാർ ഇപ്രകാരം വേർപെട്ട സമൂഹമായി തീരാൻ ഇടയായത്. ഇവർ അസ്സീറിയാക്കാരല്ല. പിന്നെയോ, പഴയകൂറ്റുകാരായ മാർതോമാ നസ്രാണികളായിരുന്നു.